(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(സി) 2000-2001 വർഷത്തിൽ ആകെ 1.5 കോടി രൂപ റിബേറ്റിനത്തിൽ വകകൊള്ളിച്ചതിൽ 31,00,000/- രൂപ ഹാന്റെക്സിന് നൽകിക്കഴിഞ്ഞു. ഇതു കൂടാതെ 16.51 ലക്ഷം രൂപ ഹാങ്ഡ്യാൺ സബ്സിഡി ഇനത്തിൽ ഈ വർഷം ഹാന്റെക്സിന് നൽകിയിട്ടുണ്ട്.

(ഡി) പബ്ലിക് റിലേഷൻസ് ഓഫീസറായിരുന്ന ശ്രീ. അബ്ദുൽ ഹലി, ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരായിരുന്ന ശ്രീ. കെ.എം. അബ്ദുൽ കലാം, മാർക്കറ്റിംഗ് മാനേജർ ശ്രീ. എസ്. പ്രകാശ്, ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരായിരുന്ന ശ്രീ. പി.ഒ. ഔസേഫ് (റിട്ടയർ ചെയ്തു) പ്രോക്യുയർമെന്റ് ഓഫീസർ ആയിരുന്ന ശ്രീ. ആർ. ലക്ഷ്മണൻ മുതലി (റിട്ടയർ ചെയ്തു) എന്നിവരുടെ പേരിൽ വിജിലൻസ് അന്വേഷണം ഉള്ളതായി അറിയുന്നു. വിജിലൻസ് അന്വേഷണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

35 (559) തിരുവനന്തപുരം ജില്ലയിലെ കൈത്തറി വ്യവസായത്തിന്റെ തകർച്ച

ശ്രീ. തമ്പാനൂർ രവി :

ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിൽ കൈത്തറി വ്യവസായം തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണമെന്താണ്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന കൈത്തറിതുണിയുമായുള്ള മത്സരത്തെ അതിജീവിക്കുവാൻ സംസ്ഥാന കൈത്തറി മേഖലയ്ക്ക് ഗവൺമെന്റ് എന്തെല്ലാം ആശ്വാസങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

ഉത്തരം

(എ)&(ബി) ഇല്ല. എന്നാൽ ഈ മേഖലയിൽ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അമിതമായ ഉൽപാദനച്ചെലവും കൈത്തറിക്ക് ആവശ്യമായ നേരിയ ഇനം നൂലുകളുടെ അഭാവവും കൈത്തറി ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നു. സംസ്ഥാനത്തിനു പുറത്ത് കുറഞ്ഞ ചെലവിൽ യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കുന്ന വസ്ത്രങ്ങളുമായി ഉൽപാദനച്ചെലവ് കൂടിയ കൈത്തറി വസ്ത്രങ്ങൾക്ക് മല്ലിടേണ്ടി വന്നതിനാൽ അവ വിറ്റഴിക്കപ്പെടാതെ കെട്ടിക്കിടക്കുന്നു.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കൈത്തറി തുണിയുമായുള്ള മത്സരത്തെ അതിജീവിക്കുന്നതിന്, ഈ സംസ്ഥാനത്തിൽ കൈത്തറി സഹകരണസംഘങ്ങളിലും ഹാൻവീവിൽ രജിസ്ട്രേഷനുള്ള നെയ്ത്തുകാർക്കും, അടിസ്ഥാന അസംസ്കൃത വസ്തുവായ നൂലിന് വില കുറച്ച് നൽകുന്നതിന് ഹാങ്ഡ്യാൺ സബ്സിഡി എന്ന പദ്ധതി സംസ്ഥാനം നടപ്പിലാക്കുന്നു. കൂടാതെ വിശേഷവസരങ്ങളിൽ കൈത്തറിത്തുണിയുടെ 20% കുറച്ചു വിൽക്കുന്നതിന് സർക്കാർ റിബേറ്റ് പദ്ധതിയിൽ സഹായം നൽകുന്നു. കമ്പ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ട്ടർ ഡിസൈനിംഗ് ജക്കാഡ് ലൂമുകളിൽ നടപ്പാക്കി ഗുണനിലവാരം ഉയർത്താനും നടപടി എടുത്തുവരുന്നു.

36 (560) കൈത്തറിത്തുണികൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കൈത്തറിത്തുണികൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക എത്രയാണ്;

(ബി) റിബേറ്റ് കുടിശ്ശികയുടെ ജില്ലതിരിച്ചുള്ള കണക്ക് എത്ര എന്നു പറയുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവവഴി വിറ്റഴിച്ച കൈത്തറിത്തുണികളുടെ റിബേറ്റ് കുടിശ്ശികയായി 31-3-2000 വരെ കൈത്തറി ഡയറക്ടറേറ്റിൽ ലഭിച്ച അപേക്ഷകളിൽ 14,97, 11,477 രൂപ കുടിശ്ശികയാണ്.

(ബി) റിബേറ്റ് കുടിശ്ശികയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	3,61,64,514.00
കൊല്ലം	-	15,75,848.00
പത്തനംതിട്ട	-	----
ആലപ്പുഴ	-	2,05,165.00
കോട്ടയം	-	1,11,134.00
ഇടുക്കി	-	-----
എറണാകുളം	-	1,00,50,491.00
തൃശ്ശൂർ	-	53,42,552.00
പാലക്കാട്	-	82,32,018.00
മലപ്പുറം	-	29,269.00
കോഴിക്കോട്	-	37,73,177.00
കണ്ണൂർ	-	7,69,144.00
കാസർഗോഡ്	-	15,90,446.00
ഹാന്റെക്സ്	-	4,59,81,050.00
ഹാൻവീവ്	-	3,58,86,669.00
ആകെ	-	14,97,11,477.00

37 (561) ഖാദി മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ വേതനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly